# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5372 — 01.07.2014-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. ഹൈബി ഈഡൻ

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളുടെ നിലവിലത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും, പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. |
| (ബി) | ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഇനി ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ, ഭരണാനുമതി നൽകിയവയും, ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതുമായ സുപ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധങ്ങളായി ചേർക്കുന്നു. |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | ഇല്ല. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ അതാത് വർഷം തന്നെ നടപ്പിലാക്കുന്നതിന് ഉയർന്ന പരിഗണന നൽകി വരുന്നുണ്ട്. |
| (ഡി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളുടെ സമയബന്ധിത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട പ്രത്യേക സമിതിയുടെ പ്രവർത്തനരീതിയും പുരോഗതിയും വിശദമാക്കുമോ ; | 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ നിർവ്വഹണ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു മോണിട്ടറിംഗ് കമ്മിറ്റി സർക്കാർ ഉത്തരവ് നം.5340/2013/ധന തീയതി 25/06/2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് അവലോ |

| | | |
|---|---|---|
| (ഇ) | എത്ര ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ/പദ്ധതികളുടെ സമയബന്ധിത നിർവ്വഹണം സാധ്യമാക്കുന്നതിന് പ്രത്യേക കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ടെന്ന കാര്യം വിശദമാക്കുമോ; ഇപ്രകാരം കമ്മിറ്റി പരിഗണിച്ച ഓരോ പദ്ധതിയുടേയും വിവരങ്ങൾ ലഭ്യമാക്കുമോ; | കനം നടത്തിവരുന്നു. തത്ഫലമായി ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ/പദ്ധതികളുടെ നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇരുന്നൂറോളം എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവ്വഹണം അനിയന്ത്രിതമായി വൈകുന്ന രീതി ഒഴിവാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ക്രിയാത്മക ഇടപെടലുകൾ എന്തെന്ന് വ്യക്തമാക്കുമോ ? | ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവഹണം അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റിക്കു പുറമേ മാസംതോറും നടത്താറുള്ള സെക്രട്ടറിമാരുടെ കോൺഫറൻസിൽ നിർവ്വഹണത്തിന്റെ തത്സ്ഥിതി ഒരു കാര്യപരിപാടിയായി ഉൾപ്പെടുത്തി അവലോകനം ചെയ്ത് വരുന്നുണ്ട്. ഇത്തരത്തിലുള്ള ക്രിയാത്മക സംവിധാനങ്ങളിലൂടെ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ നിർവഹണം കാര്യക്ഷമമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**